## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1628 08.06.2018- ൽ മറുപടിയ്ക്ക്

### വിഷാംശമില്ലാത്ത പച്ചക്കറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ .ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) വരുന്ന ഓണക്കാലത്ത് വിഷാംശമില്ലാത്ത പച്ചക്കറി വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 2017-18 ൽ നടപ്പിലാക്കിയ 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി 2018-19 ലും തുടരുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകി വരുന്നു.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ നൽകുന്നതാണ്. കൂടാതെ സന്നദ്ധ സംഘടനകൾ മുഖേനെ 10 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ഇതിനു പുറമേ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. മീഡിയ വഴിയും 12 ലക്ഷം വിത്തുപായ്ക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ടി പദ്ധതിയ്ക്ക് ആവശ്യമായ വിത്ത് പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. വഴി ലഭ്യമാക്കും. ആവശ്യമായ പച്ചക്കറി തൈകൾ ജില്ലകളിൽ നിലവിലുള്ള പച്ചക്കറി വികസന പദ്ധതിയുടെ നഴ്സറികളിൽ നിന്നും ജില്ലയിലെ സീഡ് ഫാമുകളിൽ നിന്നും ജൂൺ 10 ന് മുൻപു തന്നെ നൽകാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി തൈകൾ/വിത്തു പായ്ക്കറ്റുകൾ എന്നിവ ജൂൺ 10 നകം വിതരണം ചെയ്യുന്നതാണ്. വാർഡുതലത്തിൽ പരിശീലനം ഉൾപ്പെടെയുള്ള കാമ്പയിനുകൾ നടത്തി പരിപാടിയ്ക്ക് പ്രചരണം നൽകി വിത്തു വിതരണം നിർവ്വഹിക്കുന്നതാണ്. കർഷകർക്ക് വിതരണത്തിനുള്ള

| | | | |
|---|---|---|---|
| | | | ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകുന്നതാണ്. ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സഹായങ്ങൾ ഉറപ്പാക്കാൻ കിസാൻ കോൾ സെന്ററിലെ സേവനം ലഭ്യമാക്കും. രോഗകീടങ്ങൾ സംബന്ധിച്ച് കർഷകന് സഹായം നിലവിലുള്ള ക്രോപ്പ് ഹെൽത്ത് ക്ലിനിക്കുകൾ വഴി കർഷകർക്കു നൽകും. ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. പമ്പ് സെറ്റ്, സസ്യ സംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിനും തരിശു നില കൃഷി ചെയ്യുന്നതിനും ധനസഹായം നല്കുന്നു. ഇതു കൂടാതെ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും, ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമ സൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം ഈ പദ്ധതി ഘടകത്തിന് കീഴിൽ നല്കുന്നു. കൂടാതെ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖാന്തിരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നല്കുന്നു. ടി പദ്ധതി ഘടകങ്ങൾ നടപ്പില്ലാക്കുന്നത് വഴി ഓണത്തിന് വിഷാംശമില്ലാത്ത പച്ചക്കറി വിതരണം ചെയ്യുന്നതിന് സാധിക്കും. |
| (ബി) | മാർക്കറ്റ് ഡിമാന്റനുസരിച്ച് ഉല്പാദനം ക്രമീകരിക്കുന്നതിനായി ഒരു ക്രോപ്പ് കലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | ക്രോപ്പ് കലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ സംഭരിക്കുന്നതിന് ഏർപ്പെടുത്തിയ സൗകര്യങ്ങൾ വ്യക്തമാക്കാമോ; | (സി) | ഓണം, വിഷു എന്നീ പ്രധാനപ്പെട്ട ഉത്സവകാലങ്ങളിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന കർഷകർക്ക് ന്യായ വില കിട്ടുന്നതിന് ഓണസമൃദ്ധി എന്ന പേരിലും വിഷുക്കണി എന്ന പേരിലും കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ., കുടുംബശ്രീ മിഷൻ എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വിപണികൾ നടത്തി വരുന്നു. ഈ അവസരത്തിൽ |

| | | | |
|---|---|---|---|
| | | | നിലവിലുള്ള സംഭരണ വിലയേക്കാൾ നാടൻ പച്ചക്കറി ഇനങ്ങൾക്ക് 10 ശതമാനവും, ജി.എ.പി. പച്ചക്കറി ഇനങ്ങൾക്ക് 20 ശതമാനവും അധിക വില കർഷകർക്ക് നൽകി സംഭരിച്ച് വരുന്നു. |
| (ഡി) | പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിച്ച പച്ചക്കറികൾ പ്രത്യേക ബ്രാന്റ് നാമത്തിൽ വിതരണം ചെയ്യുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉത്തമ കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ജി.എ.പി. ക്ലസ്റ്റർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ കേരള ഓർഗാനിക് ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റു സ്ഥാപനങ്ങൾ, ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണി എന്നിവ മുഖേന ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വില്പനയും നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**